പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.6796 — 10.07.2014 - ൽ മറുപടിക്ക്

## മെഡിക്കൽ കോളേജിലെ സ്റ്റാഫ് നഴ്സുമാരുടെ നിയമനം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. എം.എ. വാഹീദ്** | **ശ്രീ. വി.എസ്. ശിവകുമാർ**<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) വിവിധ മെഡിക്കൽ കോളേജുകളിൽ നിലവിലുള്ള സ്റ്റാഫ് നഴ്സുമാരുടെ എണ്ണം എത്രയാണ് ; ഇപ്പോൾ എത്ര ഒഴിവുകൾ നിലവിലുണ്ട് ; | എ) സംസ്ഥാനത്തെ സർക്കാർ മെഡിക്കൽ കോളേജുകളിൽ 31.05.2014-ൽ നിലവിലുള്ള സ്റ്റാഫ് നഴ്സുമാരുടെ എണ്ണം 1456 ആണ്. 31.05.2014-ലെ കണക്ക് പ്രകാരം ആകെ 813 ഒഴിവുകൾ നിലവിലുണ്ട്. |
| ബി) ഇതിൽ എത്ര ഒഴിവുകൾ പി.എസ്. സി.യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട് ; | ബി) മുഴുവൻ ഒഴിവുകളും പി.എസ്.സി. യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| സി) പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലില്ലാത്തതു കാരണം സ്റ്റാഫ് നഴ്സുമാരുടെ നിയമനം അനിശ്ചിതമായി നീളുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ അടിയന്തിരമായി ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിന് നടപടി സ്വീകരിക്കാൻ പി.എസ്.സി യോട് ആവശ്യപ്പെട്ടുമോ? | സി) 11.05.2011 മുതൽ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ സ്റ്റാഫ് നഴ്സ് നിയമനം സംസ്ഥാന തല റിക്രൂട്ട്മെന്റ് മുഖാന്തിരമാക്കിയിട്ടുണ്ട്. അപ്രകാരം സംസ്ഥാനതല റാങ്ക് പട്ടിക നിലവിലില്ലാത്തതാകുന്നു. സംസ്ഥാനതല നിയമനത്തിനായി റിപ്പോർട്ട് ചെയ്യപ്പെട്ട ഒഴിവുകളിൽ എത്രയും വേഗം നിയമന ശുപാർശ നൽകുവാൻ പി.എസ്.സി യോട് അപേക്ഷിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**